**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 780** **02-02-2023 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ടിൽ നിന്നുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളിൽ നിന്ന് ലോണെടുത്ത സഹകാരി മരണപ്പെടുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ടിൽ നിന്ന് അനന്തരാവകാശികൾക്ക് ആശ്വാസം നൽകാൻ നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ; | (എ) | സഹകരണ ബാങ്കുകൾ നൽകി വരുന്ന കാർഷിക കാർഷികേതര (സ്വർണ്ണ വായ്പയും, നിക്ഷേപവായ്പയും ഒഴികെയുള്ളവ) വായ്പകൾക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകി വരുന്നത്. വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പ മുതൽ അല്ലെങ്കിൽ 3,00,000/- രൂപ (മൂന്നുലക്ഷം രൂപ) ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകുന്നതാണ്. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/-രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ. |
| (ബി) | രോഗബാധിതരായി ഏറെക്കാലം കിടപ്പിലാവുന്നതിനെ തുടർന്ന് സാമ്പത്തിക പ്രയാസം നേരിട്ട് കുടിശ്ശികയാകുന്നവർക്ക് റിസ്ക് ഫണ്ടിൽ നിന്നുള്ള സഹായത്തിന് പ്രത്യേക ഇളവ് നൽകാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ? | (ബി) | വിഷയം പ്രത്യേക കേസുകളായി പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ